(ബി) ഇതിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും ഇനിയും ആരംഭിക്കുവാൻ കഴിയാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**കൊല്ലം നഗരത്തിൽ റോഡുകളുടെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി**

**286(3211)** ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷം കൊല്ലം നഗരത്തിൽ റോഡുകളുടെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(ബി) കൊല്ലം നഗരത്തിൽ ബി.എം.&ബി.സി. ഉപയോഗിച്ച് നടപ്പു സാമ്പത്തിക വർഷം നിർമ്മിക്കുന്ന റോഡുകളുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇതിനുവേണ്ടി എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്നറിയിക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) കൊല്ലം നഗര പരിധിയിൽ റോഡുകളുടെ നവീകരണത്തിനായി വിവിധ പദ്ധതികളിൽപ്പെടുത്തി 8735 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയവ വിവിധ തലങ്ങളിലായി പരിശോധിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ ഭരണാനുമതി നൽകുന്നകാര്യം പരിഗണിക്കുവാനാകൂ.

**ചേലക്കര ബൈപാസ് നിർമ്മാണം**

**287(3212)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ ചേലക്കര ബൈപാസ് നിർമ്മാണത്തിന് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നിന്ന് ഇളവ് നൽകി അനുമതി ലഭിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly